**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **28-02-2023 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിൽ ചെറുവനങ്ങൾ സൃഷ്ടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നഗരവനം, വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റ് എന്നിങ്ങനെ ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ? | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നഗരവനം,വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിങ്ങനെ 100 ചെറുവനങ്ങൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി പ്ലാൻ ബഡ്ജറ്റ് ശീർഷകമായ 2406-01-800-55-01-Extension Forestry എന്ന ശീർഷകത്തിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ 5 വിദ്യാവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി പ്രവർത്തകൾക്കായി 10 ലക്ഷം രൂപ ചെലവ് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ